LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർവ്വീസിലെ ക്ലാസ്-4 ജീവനക്കാരുടെ പ്രമോഷൻ

21 [5164] ശ്രീ. വി. ഡി സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ നിയമനം ലഭിച്ചിട്ടുള്ള ക്ലാസ്-4 ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുള്ള പ്രമോഷൻ തസ്തികകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ലിസ്റ്റിൽനിന്നും വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ച ക്ലാസ്-4 ജീവനക്കാരുടെ പ്രമോഷൻ കാര്യത്തിൽ അന്തരം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ക്ലാസ്-4 ജീവനക്കാർക്ക് സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് പ്രമോഷൻ നൽകിവരുന്നുണ്ട്. കൂടാതെ പി. എസ്. സി. നടത്തുന്ന യോഗ്യത ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തസ്തിക മാറ്റവും അനുവദിക്കപ്പെടുന്നുണ്ട്.

(ബി) ക്ലാസ്-4 ജീവനക്കാർക്ക് സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് പ്രമോഷൻ നൽകുന്നതിൽ വകുപ്പുകൾ തമ്മിൽ അന്തരമില്ല.

ക്ലാസ് ഫോർ ജീവനക്കാർക്കുള്ള പ്രമോഷനുകൾ

22 [5165] ശ്രീ. എം. എം. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ നിയമനം ലഭിച്ചിട്ടുള്ള ക്ലാസ്-4 ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുള്ള പ്രമോഷൻ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഒരേ ലിസ്റ്റിൽനിന്നും വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ച ക്ലാസ് -4 ജീവനക്കാർക്ക് പ്രമോഷൻ കാര്യത്തിൽ നിലനിൽക്കുന്ന അന്തരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ക്ലാസ്-4 ജീവനക്കാർക്ക് ഗ്രേഡ് പ്രമോഷനാണ് നൽകിവരുന്നത്. ക്ലാസ് -4 ജീവനക്കാർക്ക് പി. എസ്. സി. നടത്തുന്ന യോഗ്യത ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിക്കപ്പെടുന്നുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.